**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2413** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>ഓടന്നൂർ പാലം നിർമ്മാണ പ്രവൃത്തി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി. ശാന്തകുമാരി കെ. ശ്രീ. വി. ഡി. സതീശൻ

ശ്രീമതി. ശാന്തകുമാരി കെ. (മുഖ്യമന്ത്രി)

**(എ)** കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഓടന്നൂർ പാലം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഓടന്നൂർ പാലം പദ്ധതിക്ക് പുതുക്കിയ അലൈൻമെന്റ് പ്രകാരം 16.89 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്പെഷ്യൽ തഹസീൽദാർ LA കിഫ്ബി ആലത്തൂർ കാര്യാലയത്തിന്റെ അധീനതയിൽ പുരോഗമിക്കുന്നതായി പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത നിർമ്മാണ പ്രവൃത്തി സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഓടന്നൂർ പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ ഉടൻ തന്നെ പദ്ധതിക്ക് സാങ്കേതിക അനുമതിലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പദ്ധതി നിർവഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**